LIBRARY ARCHIVES Kerala Legislative Assembly

ബാർകോഴകേസ്

206 (211) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർവിഷയത്തിൽ ധനമന്ത്രിക്കെതിരെ ബാറുടമകൾ പരസ്യമായി കോഴ പറ്റിയെന്നു പറഞ്ഞിട്ടും ആയതിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടും അറസ്റ്റുൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിയ്ക്കാത്തത് ആഭ്യന്തര വകുപ്പിന്റെ ഉരുതരവും കുറ്റകരവുമായ അനാസ്ഥയാണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(ബി) കേസിന്റെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളും നൽകുമോ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നു. അന്വേഷണം പുരോഗതിയിലാണ്. ആരെയും അറസ്റ്റ് ചെയ്യേണ്ട സാഹചര്യം കേസ്സന്വേഷണത്തിൽ ഉണ്ടായിട്ടില്ല.

(ബി) അന്വേഷണ ഘട്ടത്തിൽ ഇരിക്കുന്നതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

മാവോയിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനം

207 (212) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവോയിസ്റ്റ് പ്രസ്ഥാനം ഏതൊക്കെ ജില്ലകളിൽ സജീവമാണെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) അവരുടെ പ്രവർത്തനം വ്യാപകമാകുവാൻ സഹായകരമായ സാഹചര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനം നിയന്ത്രിക്കുന്നതിനായി, വനമേഖലയിലെയും വനാതിർത്തികളിലെയും ആദിവാസികളുൾപ്പെടെയുള്ളവരുടെ സഹകരണം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. സാന്നിദ്ധ്യം ഉണ്ടെങ്കിലും അവരുടെ പ്രവർത്തനം ഈ മേഖലകളിൽ വ്യാപകമല്ല.

(സി) പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. ഇതിന്റെ ഭാഗമായി ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ സഹകരണവും തേടിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മപദ്ധതികൾ

208 (213) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക പോലിസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭീഷണി നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

LIBRARY ARCHIVES Kerala Legislative Assembly